DON BOSCO ARTS AND SCIENCE COLLEGE LIBRARY ANGADIKADAVU

M 681

Reg. No.: ...............................

Name : ...............................

**IV Semester B.A./B.Sc./B.Com./B.B.A./B.B.A. T.T.M./B.B.M./B.C.A./B.S.W./B.A. Afsal Ul Ulama Degree (CCSS – Reg./Supple./Improv.) Examination, April 2012**
**COMMON COURSE IN MALAYALAM (For B.A./B.Sc.)**
**4 A 10 MAL : സംസ്ക്കാരവും നാഗരികതയും**
**(2009 Admn.)**

Time : 3 Hours Max. Weightage : 30

I. താഴെ കൊടുത്തിരിക്കുന്ന **അഞ്ചു** വിഭാഗം ചോദ്യങ്ങളിൽ **നാലു** വിഭാഗത്തിന് ഉത്തരമെഴുതുക. **ഓരോ** വിഭാഗത്തിന്റെയും വെയിറ്റേജ് – **1**.

1) a) 'സമഗ്രമായ ജീവിതശൈലിയാണ് സംസ്ക്കാരം' എന്ന് സംസ്ക്കാരത്തെ നിർവ്വചിച്ചതാര് ?

b) ശ്രീബുദ്ധന്റെ ആദ്യത്തെ പേര് എന്തായിരുന്നു ?

c) പഞ്ചവാദ്യത്തിലെ പ്രധാന വാദ്യം ഏതാണ് ?

d) 'എന്റെ ഹൃദയത്തിലെ ആദിവാസി' എന്ന ഗ്രന്ഥം രചിച്ചതാര് ?

2) a) താനൊരു ഹിന്ദുവല്ല എന്നു പ്രഖ്യാപിച്ച ദളിത്‌വാദ ചിന്തകൻ ആരാണ് ?

b) സെന്റ് തോമസ് കേരളത്തിൽ വന്നത് ഏതു വർഷമാണ് ?

c) ജോസഫ് റബ്ബാന് ജൂതശാസനം നൽകിയ കുലശേഖര രാജാവ് ആരാണ് ?

d) തുഞ്ചൻ പറമ്പ് സ്ഥിതിച്ചെയ്യുന്നത് കേരളത്തിലെ ഏതു ജില്ലയിലാണ് ?

3) a) അറബി ഭാഷയിൽ എഴുതപ്പെട്ട കേരള ചരിത്ര ഗ്രന്ഥം ഏത് ?

b) 'മലബാർ മാന്വൽ' എന്ന ഗ്രന്ഥം രചിച്ചതാര് ?

c) തെയ്യം എന്ന വാക്കിന്റെ അർത്ഥമെന്താണ് ?

d) ക്ഷേത്രപ്രവേശന വിളംബരം നടത്തിയ തിരുവിതാംകൂർ മഹാരാജാവ് ആരാണ് ?

4) a) കേരളത്തിലെ ആദ്യത്തെ മുസ്ലീം പള്ളി സ്ഥാപിക്കപ്പെട്ടത് എവിടെയാണ് ?

b) അതുലൻ രചിച്ച ചരിത്രകാവ്യം ഏത് ?

c) കേരള കലാമണ്ഡലത്തിന്റെ സ്ഥാപകൻ ആര് ?

d) നമ്പൂതിരി സമുദായത്തിന്റെ ക്ഷേമം ലക്ഷ്യമാക്കി 1908-ൽ രൂപം കൊണ്ട സംഘടനയുടെ പേര് ?

P.T.O.

5) a) 'അധീശത്വ സിദ്ധാന്ത'ത്തിന്റെ പ്രയോക്താവ് ആരാണ് ?

b) 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന ചരിത്രഗ്രന്ഥം രചിച്ചതാര് ?

c) ചെറുശ്ശേരി ഏതു രാജാവിന്റെ സദസ്യനായിരുന്നു ?

d) 'സാധുജന പരിപാലന സംഘം' ആരംഭിച്ചതാര് ? **(4×1=4)**

II. **ഓരോന്നിനും ഏഴുപത്തിയഞ്ചു** വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയിറ്റേജ് – **1**.

6) സംസ്കാരം എന്ന പദം പൊതുവെ രണ്ടു തരത്തിലാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത് – വിശദീകരിക്കുക.

7) ഐന്തിണകൾ ഏതെല്ലാമാണ് ? അവയുടെ പ്രത്യേകതകൾ എന്തെല്ലാം ?

8) ഭൂപ്രകൃതിയുടെ സ്വഭാവം കേരളത്തിലെ ആവാസ കേന്ദ്രങ്ങളെ എപ്രകാരത്തിൽ സ്വാധീനിച്ചുവെന്ന് വിശദമാക്കുക.

9) കേരളത്തിലെ മുസ്ലീങ്ങളുടെ തനതു കലാരൂപങ്ങളെക്കുറിച്ച് വിവരിക്കുക.

10) മൂഴിക്കുളംകച്ചം എന്നാൽ എന്ത് ? **(4×1=4)**

III. **ഓരോന്നിനും നൂറ്റമ്പതു** വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയിറ്റേജ് – **2**.

11) കേരളത്തിലെ പ്രധാന ചുരങ്ങൾ ഏതെല്ലാം ? അവയുടെ രാഷ്ട്രീയ-വാണിജ്യ പ്രധാന്യം വ്യക്തമാക്കുക.

12) ജൂതശാസനത്തിന്റെ ചരിത്ര പ്രാധാന്യമെന്ത് ?

13) കേരളത്തിൽ ബുദ്ധ-ജൈന മതങ്ങൾ പ്രചരിച്ചിരുന്നുവെന്നതിന്റെ തെളിവുകൾ എന്തെല്ലാം ?

14) പൂന്താനത്തിനു കവിതയെന്നല്ല, സമസ്തവും ഭക്തിക്കു താഴെയാണ് – വിശദീകരിക്കുക.

15) സാമൂഹ്യ പരിഷ്ക്കർത്താവ് എന്ന നിലയിലുള്ള ശ്രീ നാരായണ ഗുരുവിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുക.

16) വ്യവസായം (Industry), ജനാധിപത്യം (Democracy), കല (Art) എന്നീ പദങ്ങൾക്കു സംഭവിച്ച അർത്ഥ പരിണാമത്തെ ക്കുറിച്ച് റെയ്മണ്ട് വില്യംസ് നൽകുന്ന വിശദീകരണം എന്ത് ? **(5×2=10)**

IV. **ഓരോന്നിനും മുന്നൂറു** വാക്കിൽ കവിയാതെ **മൂന്നു** ചോദ്യത്തിന് ഉത്തരമെഴുതുക.

17) കേരളത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ക്രിസ്ത്യൻ മിഷനറിമാർ വഹിച്ച പങ്കിനെക്കുറിച്ച് വിശദീകരിക്കുക.

18) മലയാളത്തിലെ പ്രാചീന കവിത്രയം എന്നറിയപ്പെടുന്നത് ആരെല്ലാമാണ് ? മലയാള ഭാഷയ്ക്കും സാഹിത്യത്തിനും അവർ നൽകിയ സംഭാവനകൾ എന്തെല്ലാം ?

19) കേരളത്തിലെ പ്രധാനപ്പെട്ട ക്ഷേത്രകലകളെക്കുറിച്ച് വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

20) കേരളത്തിലെ ക്രിസ്തുമതത്തിന്റെ ആവിർഭാവ-വികാസചരിത്രം സംഗ്രഹിക്കുക.

21) കേരളത്തിലെ പ്രകൃതി വിഭവങ്ങളെക്കുറിച്ച് വിവരിക്കുക. **(3×4=12)**

---